**GOVERNMENT OF KERALA**

നം. 818/ആർഎ3/12/തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13/02/2012

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ - ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് നിർമ്മാണാനുമതി നൽകുന്നതെന്ന് ഉറപ്പു വരുത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- കൊല്ലം ടൗൺപ്ലാനറുടെ 29-12-11 ലെ സി/1747/11 നമ്പർ കത്ത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്താതെ ചട്ടങ്ങൾക്ക് വിരുദ്ധമായി അനുമതി നൽകുന്നത് സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കാനിടയാകുന്നത് തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും കാരണമാകുന്നു. ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിച്ചു കൊണ്ട് മാത്രമേ നിർമ്മാണാനുമതി നൽകാവൂ എന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണ അനുമതി നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, (തിരുവനന്തപുരം)

(ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തരമായി എല്ലാ നഗരസഭാ/ പഞ്ചായത്ത് സെക്രട്ടറിമാർക്കും കർശനമായി പാലിക്കുന്നതിന് ലഭ്യമാക്കേണ്ടതാണ്.)

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
സീനിയർ ടൗൺപ്ലാനർ (വിജിലൻസ്), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
(കൊല്ലം, കൊച്ചി, കോഴിക്കോട്)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും,
(തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം - 695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ & പബ്ളിക്റിലേഷൻസ് ഡയറക്ടർ (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്.)

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക്.
തദ്ദേശസ്വയംഭരണ (ആർ.എ.1, ആർ.എ.2) (ആർ.ബി) (ആർ.ഡി) (ഇ.പി.എ.), (ഇ.പി.ബി), (ഇ.ഡബ്ല്യൂ.), ഇ.യു) വകുപ്പുകൾക്ക്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ